4965
18/12/12

കേരള സർക്കാർ

<u>സംഗ്രഹം</u>

കായിക യുവജനകാര്യ (ബി) വകുപ്പ് - സംസ്ഥാന യുവജനനയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കായിക യുവജനകാര്യ (ബി) വകുപ്പ്

സ.ഉ.(അ) നം.03/12/കാ.യു.വ. തീയതി, തിരുവനന്തപുരം, 12.12.2012.

പരാമർശം: 1. 27.07.2011 -ലെ സ.ഉ.(സാധാ)108/11/കാ.യു.വ നമ്പർ ഉത്തരവ്.

2. 12/10/2012 -ലെ സ.ഉ.(സാധാ) 236/12/കാ.യു.വ നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

പരാമർശം 1-ലെ ഉത്തരവുപ്രകാരം സർക്കാർ രൂപീകരിച്ച കമ്മിറ്റി തയ്യാറാക്കിയ സംസ്ഥാന യുവജനനയത്തിന്റെ കരട് സംസ്ഥാന-ജില്ലാ തലങ്ങളിലായി വിളിച്ചുചേർത്ത 16 ശിൽപശാലകളിൽ അവതരിപ്പിക്കുകയും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തു. ഈ ശിൽപശാലകളിൽ കരടുനയം സംബന്ധിച്ച് നിരവധി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉയർന്നുവന്നു. ഈ നിർദ്ദേശങ്ങളും 2012-ലെ കരട് ദേശീയ യുവജനനയവും കൂടി പരിഗണിച്ച് ഒരു പരിഷ്ക്കരിച്ച കരട് തയ്യാറാക്കി സമർപ്പിക്കുവാൻ പരാമർശം 2 പ്രകാരം കില ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ആയതുപ്രകാരം കില ഡയറക്ടർ തയ്യാറാക്കിയ പുതുക്കിയ കരട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, 1500 പകർപ്പുകൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തു. പ്രസ്തുത കരടിന്മേലുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂടി പരിഗണിച്ചുകൊണ്ട് ഒരു അന്തിമകരട് കില ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

3. ഈ കരട് സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തെ യുവജനങ്ങളുടെ സമഗ്രവികസനത്തിനുള്ള ഒരു മാർഗരേഖയായി ഈ കരട് സ്വീകരിക്കാമെന്ന് വിലയിരുത്തുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള സംസ്ഥാന യുവജനനയത്തിന്റെ കരട് അംഗീകരിച്ച് സർക്കാർ ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ജോസ് സിറിയക്**
**ചീഫ് സെക്രട്ടറി**

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, കായികയുവജനകാര്യാലയം, തിരുവനന്തപുരം.
ഡയറക്ടർ, കില, തൃശ്ശൂർ.
സെക്രട്ടറി, കേരള സ്റ്റേറ്റ് യൂത്ത് കമ്മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്)/എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: എല്ലാ വകുപ്പുമന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
കായികവകുപ്പു സെക്രട്ടറിയുടെ പി എ യ്ക്ക്
യുവജനക്ഷേമകാര്യവകുപ്പു സെക്രട്ടറിയുടെ പി എ യ്ക്ക്

4895
14/12/12

# കേരള സർക്കാർ
# യുവജനകാര്യ വകുപ്പ്
# കേരള സംസ്ഥാന യുവജന നയം 2012

## 1.0 *ആമുഖം*

പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ സാഹചര്യങ്ങളിൽ അതിദ്രുതം സംഭവിക്കുന്ന മാറ്റങ്ങൾക്ക് അനുപൂരകമായി യുവജനങ്ങളുടെ സമഗ്ര വികസനം സാധ്യമാക്കുന്ന തരത്തിൽ കാലോചിതമായ ഒരു യുവജനയം സംസ്ഥാനത്ത് രൂപീകരിക്കേണ്ടത് അനിവാര്യമാണ്. സാമൂഹിക നീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസനം എന്ന തത്വം തന്നെയാണ് ഇപ്രകാരം രൂപീകരിക്കുന്ന യുവജന നയത്തിന്റെ പൊതു സമീപനം. ഭാരതം ഉയർത്തിപ്പിടിക്കുന്ന സത്യം, അഹിംസ, മതേതരത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ യുവാക്കൾക്കിടയിൽ വളർത്തിയെടുക്കുകയെന്നതും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കാത്ത് സൂക്ഷിച്ച് ഇൻഡ്യൻ ഭരണഘടനയോട് കൂറും വിധേയത്വവുമുള്ള യുവജനങ്ങളെ വാർത്തെടുക്കുകയെന്നതും, യുവജനങ്ങളുടെ സമഗ്ര വികസനത്തിലൂടെ അവരെ ശാക്തീകരിക്കുക എന്നതും യുവജനങ്ങളുടെ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം സാദ്ധ്യമാക്കുകയെന്നതും ഈ നയത്തിന്റെ ലക്ഷ്യങ്ങളാണ്. യുവജനങ്ങളുടെ വികസനത്തിലൂടെ കുടുംബങ്ങളുടെ വികസനവും, കുടുംബങ്ങളുടെ വികസനത്തിലൂടെ സാമൂഹിക വികസനവും, സാമൂഹിക വികസനത്തിലൂടെ രാഷ്ട്ര പുരോഗതിയും എന്നതാണ് ഈ യുവജന നയത്തിന്റെ പ്രയോഗതന്ത്രം.

## 2.0. *നിർവചനം*

ഈ നയത്തിന്റെ ആവശ്യത്തിലേയ്ക്കായി യുവജനങ്ങൾ എന്നതിനെ ഇപ്രകാരം നിർവചിക്കുന്നു.

2.1. കേരളത്തിൽ ജനിച്ചു വളർന്നവരും കേരളത്തിലോ പുറത്തോ ജീവിക്കുന്ന വരും 18 വയസ്സു പൂർത്തിയാവുകയും 40 വയസ്സ് തികയാത്തതുമായ ഇൻഡ്യൻ പൗരത്വമുള്ള എല്ലാ വ്യക്തികളേയും യുവജനങ്ങൾ എന്ന് നിർവചിക്കുന്നു.

2.2. കേരളീയരായ മാതാവിനോ പിതാവിനോ ജനിച്ചതും ഇൻഡ്യൻ പൗരത്വമുള്ളതുമായ ഇതേ പ്രായത്തിലുള്ള വ്യക്തികളെയും 'യുവജനങ്ങൾ' എന്ന് നിർവചിക്കുന്നു.

2.3. 6 മാസത്തിൽ കുറയാത്ത കാലയളവിൽ കേരളത്തിൽ കുടിയേറി താമസിക്കുന്ന ഇതേ പ്രായത്തിലുള്ള ഇൻഡ്യൻ പൗരൻമാർ ഈ നയത്തിലെ 'യുവജനങ്ങൾ' എന്ന നിർവചനത്തിൽ ഉൾപ്പെടുന്നു.

2.4. ആവശ്യങ്ങളുടെയും പ്രശ്നങ്ങളുടെയും മുൻഗണനകളുടെയും അടിസ്ഥാനത്തിൽ യുവജനങ്ങളെ 18 മുതൽ 28 വരെയും, 29 മുതൽ 40 വരെയും പ്രായമുള്ള രണ്ട് വിഭാഗങ്ങളായി തരം തിരിക്കുന്നു.

3.0 ***വീക്ഷണം***

യുവജനങ്ങളുടെ വികസനവും യുവജനങ്ങളിലൂടെ വികസനവും സാധ്യമാക്കുന്നതിലൂടെ യുവജനങ്ങളെ ദേശീയ ബോധവും സാമൂഹ്യബോധവും, പൗരബോധവും, പാരിസ്ഥിതിക ബോധവും സ്വയംപര്യാപ്തതയുമുള്ള പൗരന്മാരായി ഉയർത്തുക.

4.0 ***ദൗത്യം***

യുവജനങ്ങളുടെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക കായിക മാനസിക വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുക. യുവജനങ്ങളെ നാടിന്റെ മുഖ്യ സ്വത്തായി കണ്ടുകൊണ്ട് അവരുടെ വിഭവശേഷിയിലും വളർച്ചയിലും പുരോഗതിയിലും ഊന്നൽ നൽകുക; സുസ്ഥിര വികസനത്തിലും സാമൂഹിക പ്രതിബദ്ധതയിലും ഊന്നൽ നൽകിക്കൊണ്ട് ആരോഗ്യകരവും സന്തോഷപ്രദവുമായ ജീവിതം നയിക്കാനുള്ള സാഹചര്യമൊരുക്കുക.

5.0. ***അവസ്ഥാ വിശകലനം***

5.1. ***ശക്തികൾ***

കേരളത്തിലെ യുവജനങ്ങളുടെ ശക്തികൾ:

- ഉയർന്ന സാക്ഷരത
- സാമൂഹിക - രാഷ്ട്രീയ ബോധം
- സംഘടനാബോധം

കലാകായിക മേഖലകളിലെ മികവ്
വായനാശീലം
തൊഴിലിന് വേണ്ടി പുറം നാടുകളിൽ പോകുന്നതിനുള്ള സന്നദ്ധത.
ഇതര സംസ്കാരങ്ങളുമായി ഇഴുകി ചേരുന്നതിനുള്ള കഴിവ്.
പുതിയ അറിവുകളും സാങ്കേതിക വിദ്യകളും ഉൾക്കൊള്ളാനുള്ള മനോഭാവം.

*5.2* ***ദൗർബല്യങ്ങൾ***

കേരളത്തിലെ യുവജനങ്ങളുടെ ദൗർബല്യങ്ങൾ:

ദിശാബോധമില്ലാത്ത വിദ്യാഭ്യാസം
അപര്യാപ്തമായ തൊഴിൽ പരിശീലനങ്ങൾ
കായികാധ്വാനത്തിനുള്ള വിമുഖത
അലസത
സംരംഭകത്വത്തിനുള്ള വൈമുഖ്യം
കാർഷികവൃത്തിയോടുള്ള അകൽച്ച.
മദ്യം, മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവയുടെ വർദ്ധിക്കുന്ന ഉപഭോഗം
വർദ്ധിച്ചു വരുന്ന കുടുംബ പ്രശ്നങ്ങളും, വിവാഹമോചനങ്ങളും
വർദ്ധിച്ചു വരുന്ന കുറ്റവാസന
വർദ്ധിച്ചു വരുന്ന രോഗാതുരത

### 6.0 *യുവജനനയം - മുഖ്യ ഊന്നൽ*

വ്യത്യസ്ത സമൂഹിക ചുറ്റുപാടുകളിൽ ജീവിക്കുന്ന യുവജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും മുൻഗണനകളും വ്യത്യസ്തമായതിനാൽ അതിനനുസൃതമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും വേണം. ആയതിനാൽ യുവജനങ്ങളെ പ്രത്യേക സാമൂഹിക വിഭാഗങ്ങളായി തരം തിരിച്ച് ഇപ്രകാരം ഊന്നൽ നൽകുന്നു.

### 6.1 *ഗ്രാമ നിവാസികൾ*

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും അവസരങ്ങളിലുള്ള കുറവും വൈദഗ്ധ്യത്തിലുള്ള അഭാവവുമാണ് ഗ്രാമീണ മേഖലയിലെ യുവജനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. നഗരത്തിലെ യുവാക്കളുമായി താരതമ്യപ്പെടുത്തുമ്പോൾ പലപ്പോഴും ഇവർ അവഗണിക്കപ്പെടുന്നു. യുവജനങ്ങളുടെ ഏറിയ പങ്കും ഗ്രാമ നിവാസികളാണെന്നിരിക്കെ അവരുടെ സമഗ്ര വികസനത്തിന് പ്രത്യേക പരിഗണന ആവശ്യമാണ്.

### 6.2 *നഗര നിവാസികൾ*

ഗ്രാമത്തിലുള്ള യുവജനങ്ങളെ അപേക്ഷിച്ച് അവസരങ്ങളും അടിസ്ഥാന സൗകര്യങ്ങളും കൂടുതൽ ലഭിക്കുന്നുവെങ്കിലും കൂട്ടായ്മയുടെ സാഹചര്യവും സഹകരണ മനോഭാവവും ഒത്തൊരുമയും നഗരത്തിലെ യുവജനങ്ങളുടെ ഇടയിൽ കുറവാണ്. ഇവരിൽ കൂട്ടായ്മ വളർത്തുന്നതിനും വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും ഈ നയം ഊന്നൽ നൽകുന്നു.

### 6.3. *ചേരി നിവാസികൾ*

തകർന്ന കുടുംബബന്ധങ്ങൾ, കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഉള്ള മാർഗ്ഗനിർദ്ദേശ കുറവ്, കുറ്റവാസനകളെ പ്രോത്സാഹിപ്പിക്കുന്ന സാമൂഹിക ചുറ്റുപാട്, അവഗണന, ചൂഷണം ചെയ്യപ്പെടാനുള്ള സാദ്ധ്യത, മൂല്യാധിഷ്ഠിത സാമൂഹ്യ നിയന്ത്രണത്തിന്റെ അഭാവം തുടങ്ങിയവ ചേരി പ്രദേശങ്ങളിൽ പൊതുവായി കാണുന്ന ചില പ്രശ്നങ്ങളാണ്. ചേരി നിവാസികളായ യുവജനങ്ങളെ ഇത്തരം പ്രശ്നങ്ങളുടെ പിടിയിൽ നിന്നും മോചിപ്പിച്ച് സ്വസ്ഥമായ ജീവിതം നയിക്കുവാൻ പ്രാപ്തരാക്കുന്നതിന് ഈ നയം ഊന്നൽ നൽകുന്നു.

### 6.4. *തീരദേശ നിവാസികൾ*

തീരദേശങ്ങളിൽ വസിക്കുന്ന യുവജനങ്ങൾ സാമൂഹികമായി തന്നെ വളരെ പിന്നാക്കം നിൽക്കുന്നവരാണ്. അവരുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ ആവശ്യങ്ങൾ പലപ്പോഴും നിറവേറ്റപ്പെടാറില്ല. പരമ്പരാഗതമായ തൊഴിൽമേഖല നേരിടുന്ന വെല്ലുവിളികളും ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണമില്ലായ്മയും ഇതിനുള്ള കാരണങ്ങളാണ്. ഈ മേഖലയിൽ സവിശേഷമായ ഇടപെടലുകളിലൂടെ അവരെ പുരോഗതിയിലേയ്ക്ക് നയിക്കാൻ ഈ നയം ഊന്നൽ നൽകുന്നു.

### 6.5. *പട്ടികവർഗ്ഗ-പട്ടികജാതി വിഭാഗങ്ങൾ*

പട്ടികവർഗ്ഗ-പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനായി നിരവധി പദ്ധതികളും ആനുകൂല്യങ്ങളും കേന്ദ്ര-സംസ്ഥാന-തദ്ദേശ-സർക്കാരുകൾ നടപ്പാക്കുന്നുവെങ്കിലും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച് ആശങ്കകളുണ്ട്. ആയതിനാൽ ആവശ്യമായ നിപുണതാ പരിശീലനവും വ്യക്തിത്വ വികസനവും നൽകി അവരെ മുഖ്യധാരയിൽ എത്തിക്കുവാനും മറ്റുള്ളവരുമായി അധികാരാവകാശങ്ങൾ പങ്കിടുന്നതിന് പ്രാപ്തരാക്കുവാനും ഈ നയം ഊന്നൽ നൽകുന്നു.

### 6.6. *കുടിയേറ്റക്കാർ*

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെ മെച്ചപ്പെട്ട വേതനം കാരണം തൊഴിലിനുവേണ്ടി കുടിയേറി വരുന്ന ചെറുപ്പക്കാരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരുകയാണ്. ഇവരുടെ വ്യക്തിപരവും സാമൂഹിക-സാമ്പത്തികപരവുമായ വിവരങ്ങൾ നമുക്ക് ലഭ്യമല്ല. വൃത്തിഹീനമായ താമസയിടങ്ങൾ, അനാരോഗ്യകരമായ ഭക്ഷണ ക്രമവും ലഹരി വസ്തുക്കളുടെ ഉപയോഗം, പകർച്ചവ്യാധികൾ, കുറ്റവാസനയുള്ള കുടിയേറ്റക്കാർ, ഇവരെ ചൂഷണം ചെയ്യുന്ന തൊഴിൽദാതാക്കൾ, ഇടനിലക്കാർ തുടങ്ങി ഇവർ നേരിടുന്ന പ്രശ്നങ്ങൾ അനവധിയാണ്. ഈ മേഖലയിൽ പ്രശ്ന പരിഹാരങ്ങൾക്ക് ഈ നയം ഊന്നൽ നൽകുന്നു.

### 6.7. *പ്രവാസികൾ*

തൊഴിലിനുവേണ്ടി മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും കുടിയേറുന്ന മലയാളി ചെറുപ്പക്കാർ ഏറെയാണ്. വാർത്താവിനിമയ രംഗത്തുണ്ടായ വിപ്ലവകരമായ മുന്നേറ്റം പ്രവാസ ജീവിതത്തിന് വളരെയേറെ ആശ്വാസം നൽകുന്നുവെങ്കിലും കുടുംബത്തിലും സമൂഹത്തിലുമുണ്ടാകുന്ന ഘടനാപരമായ മാറ്റങ്ങൾ പ്രവാസികളായ യുവജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് നൽകുന്നു. മാത്രമല്ല ജോലി നഷ്ടമായി നാട്ടിലേയ്ക്ക് തിരികെ വരുന്നവരുടെ എണ്ണവും കൂടിവരുന്നുണ്ട്. ജീവിതശൈലി രോഗങ്ങളും തൊഴിൽപരമായ ചൂഷണവും ഇവർക്ക് നേരിടേണ്ടി വരുന്നു. പ്രവാസികളും ജോലി നഷ്ടപ്പെട്ട് തിരികെ എത്തുന്നവരുമായ മുഴുവൻ യുവജനങ്ങളുടെയും സുരക്ഷിതത്വവും പുനരധിവാസവും ഉറപ്പാക്കുന്ന സത്വര നടപടികൾക്കും ഈ നയം ഊന്നൽ നൽകുന്നു.

### 6.8. *സ്ഥാപനങ്ങളിലെ അന്തേവാസികൾ*

അനാഥാലയങ്ങൾ, ജയിലുകൾ, റസ്ക്യൂ ഹോമുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ അന്തേവാസികളായ യുവജനങ്ങളെ കൂടി വികസനത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുവാൻ ഈ നയം ഊന്നൽ നൽകുന്നു.

### 6.9. *പ്രൊഫഷണലുകളായ യുവജനങ്ങൾ*

വിവര സാങ്കേതിക രംഗത്തും എഞ്ചിനീയറിംഗ് മെഡിക്കൽ രംഗത്തും ഇതര സേവന രംഗങ്ങളിലും പ്രവർത്തിക്കുന്ന യുവജനങ്ങളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. സാമൂഹിക വിഷയങ്ങളിൽ ഇടപെട്ട് ക്രിയാത്മകമായ പ്രവർത്തനം നടത്താൻ ഇത്തരക്കാർക്ക് പലപ്പോഴും അവസരം ലഭിക്കാറില്ല. അവരുടെ അറിവും പ്രാപ്തിയും

സാമൂഹിക വികസനത്തിനുവേണ്ടി വിനിയോഗിക്കേണ്ടതുണ്ട്. തൊഴിൽ ഇടങ്ങളിലെ കടുത്ത സമ്മർദ്ദങ്ങളെ നേരിടുന്ന വിഭാഗക്കാരാണിവർ. ജീവിതശൈലി രോഗങ്ങളും മാനസിക സംഘർഷങ്ങളും മറ്റ് യുവജനങ്ങളെ അപേക്ഷിച്ച് ഇത്തരക്കാർക്ക് കൂടുതലാണ്. ഇവയുടെ പരിഹാരത്തിന് ഈ നയം ഊന്നൽ നൽകുന്നു.

## 7.0. *മുൻഗണന അർഹിക്കുന്ന വിഭാഗങ്ങൾ*

വിവിധ യുവജന വികസന പ്രവർത്തനങ്ങളിൽ ഖണ്ഡിക 6 ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ഊന്നൽ നൽകുന്ന മേഖലകളിൽ ചുവടെ ചേർക്കുന്ന യുവജന വിഭാഗ ങ്ങൾക്ക് മുൻഗണന നൽകേണ്ടതുണ്ട്.

(i) തൊഴിൽ രഹിതർ
(ii) ഭിന്നശേഷിയുള്ളവർ
(iii)മാരക രോഗത്തിനടിമപ്പെട്ടവർ, പ്രകൃതിദുരന്തങ്ങൾക്ക് ഇരയായവർ
(iv) യുവതികൾ
(v) കുറ്റവാസന,മൗലികവാദം തുടങ്ങിയ സാമൂഹിക വെല്ലുവിളികൾ നേരിടുന്ന വർ, സാമൂഹിക വിപത്തുക്കൾക്ക് അടിപ്പെട്ടുപോയവർ
(ശ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ.

## 8. **ലക്ഷ്യങ്ങൾ**

### 8.1. വിദ്യാഭ്യാസം

8.1.1 ഉന്നത വിദ്യാഭ്യാസരംഗത്ത് സാമൂഹിക നീതിയും ഗുണമേന്മയും ഉറപ്പാക്കുക.

8.1.2 തുടർവിദ്യാഭ്യാസ പരിപാടികളും നൈപുണ്യപരിശീലനവും ആവശ്യമായവർക്കെല്ലാം ലഭ്യമാക്കുക.

8.1.3 ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുക.

8.1.4 തൊഴിൽ പരിശീലനം വിദ്യാഭ്യാസത്തിന്റെ ഭാഗമാകുക.

### 8.2.0 *തൊഴിൽ*

8.2.1 സൂക്ഷ്മ - ഇടത്തരം - ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതുവഴി യുവജനങ്ങളെ മികച്ച സംരംഭകരും തൊഴിൽ സൃഷ്ടാക്കളും, തൊഴിൽദാ താക്കളുമായി മാറ്റുകയും ചെയ്യുക.

8.2.2 തൊഴിൽ സ്ഥിരത, തുല്യ ജോലിക്ക് തുല്യവേതനം, മിനിമം വേതനം എന്നിവ ഉറപ്പാ ക്കികൊണ്ട് തൊഴിലിടങ്ങളിലെ എല്ലാവിധ ചൂഷണങ്ങളും അവസാനിപ്പിക്കുക.

8.2.3 വിവരസാങ്കേതിക വിദ്യയുടെയും, ബയോടെക്നോളജിയുടെയും സാധ്യതകളും ഗുണ ഫലങ്ങളും എല്ലാ യുവജനങ്ങളിലും എത്തിക്കുക.

8.2.4 പരമ്പരാഗത വ്യവസായ രംഗത്ത് യുവജനങ്ങളുടെ സ്വയംസംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക, പരമ്പരാഗത മേഖലകളിലെ തൊഴിലാളികളായ യുവജനങ്ങൾക്ക് തൊഴിൽ നിയമങ്ങളുടെ പരിരക്ഷ ഉറപ്പുവരുത്തുക.

8.2.5 സഹകരണ മേഖലയിലൂടെ യുവജന വികസനം ശക്തിപ്പെടുത്തുക.

8.2.6 ഉത്തരവാദിത്വ ടൂറിസം ഉൾപ്പെടെ വിനോദസഞ്ചാരരംഗത്ത് യുവജനപങ്കാളിത്തം വർദ്ധിപ്പിച്ച് തൊഴിലവസരം കൂട്ടുക.

8.2.7 പ്രവാസിമലയാളികളുടെ പ്രയത്നശേഷിയും, സമ്പാദ്യവും, അവർക്കും സംസ്ഥാനത്തിനും ഗുണകരമായ രീതിയിൽ ഉപയോഗക്ഷമമാക്കുക.

**8.3.0 കൃഷി**

8.3.1 കാർഷിക മേഖലയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

8.3.2 ഭക്ഷ്യസുരക്ഷിതത്വവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിനായി യുവജനങ്ങൾക്കിടയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

8.3.3 പരിസ്ഥിതി സൗഹൃദപരമായ നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലൂടെ കാർഷികോല്പ്പാദന വർദ്ധനവും, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും സാദ്ധ്യമാക്കുക.

**8.4.0 മൃഗസംരക്ഷണം**

8.4.1 മൃസംരക്ഷണ പ്രവർത്തനങ്ങളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുക.

8.4.2 മൃഗസംരക്ഷണ മേഖലയിലെ നൂതന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് യുവജനങ്ങളെ പ്രാപ്തരാക്കുക.

**8.5.0 ആരോഗ്യം, കായികം**

8.5.1 കായിക വിനോദ പ്രവർത്തനങ്ങൾ മുഴുവൻ യുവജനങ്ങൾക്കും പ്രാപ്യമാക്കുക.

8.5.2 യുവജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കികൊണ്ട് ആരോഗ്യപൂർണ്ണമായ യുവജനതയെ വാർത്തെടുക്കുക.

8.5.3 മദ്യാസക്തിയ്ക്കും മറ്റ് ലഹരി ഉപയോഗത്തിനും എതിരെ യുവജനങ്ങളെ അണിനിരത്തുക.

8.5.4 കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

**8.6.0 കലയും, സംസ്ക്കാരവും**

8.6.1 കലാ-സാംസ്ക്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.

8.6.2 കേരളത്തിന്റെ സാമൂഹികവും, സാംസ്ക്കാരികവുമായ പൈതൃകം സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിന് യുവജനങ്ങളെ സജ്ജരാക്കുക.

8.6.3 കലാകാരന്മാരുടെ സാമൂഹിക അംഗീകാരം വർദ്ധിപ്പിക്കുകയും, സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുകയും ചെയ്യുക.

8.6.4 മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവരുടെ സാമൂഹിക പ്രതിബദ്ധത വർദ്ധിപ്പിക്കുക.

**8.7. സാമൂഹിക ധർമ്മം**

8.7.1 ഭാരതീയ സംസ്ക്കാരവും പൈതൃകവും കാത്തുസൂക്ഷിക്കുവാനും സാംസ്ക്കാരിക അധിനിവേശം ചെറുക്കാനും യുവജനങ്ങളെ സജ്ജരാക്കുക.

8.7.2 പൗരധർമ്മവും അവകാശബോധവും വർദ്ധിപ്പിക്കുന്നതിനായി നിയമ സാക്ഷരത ഉറപ്പാക്കുക.

8.7.3 ക്രമസമാധാന പരിപാലനത്തിനും ജനങ്ങളുടെ ശാന്തപൂർണ്ണമായ ജീവിതത്തിനും യുവജനങ്ങളെ ഉപയോഗപ്പെടുത്തുക.

8.7.4 യുവജനങ്ങൾക്കിടയിൽ രാജ്യത്തെ ഭരണഘടനയും നിയമങ്ങളെയും സംബന്ധിച്ചുള്ള അറിവും പരിജ്ഞാനവും വർദ്ധിപ്പിക്കുക.

8.7.5 ഭാരതത്തിന്റെ അഖണ്ഡതയും പരമാധികാരവും സംരക്ഷിക്കാൻ സ്വയം സമർപ്പിക്കാൻ പ്രാപ്തരാക്കുക.

8.7.6 പൗരബോധവും പരിസ്ഥിതി ബോധവും ശാസ്ത്രബോധവുമുള്ള വിശ്വപൗരന്മാരായി യുവജനങ്ങളെ വാർത്തെടുക്കുക.

8.7.7 ലൈംഗിക അതിക്രമങ്ങളും, ലൈംഗികചൂഷണവും തടയുക.

8.7.8. ജനാധിപത്യ പ്രക്രിയയെ അഗാധവൽക്കരിക്കുന്നതിന് യുവജനങ്ങളുടെ പങ്കും പങ്കാളിത്തവും വർദ്ധിപ്പിക്കുക.

**8.8.0 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**

8.8.1 യുവജനങ്ങളുടെ ക്ഷേമ വികസന പ്രവർത്തനങ്ങളിൽ തദ്ദേശ സർക്കാരുകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.

8.8.2 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ എല്ലാവിധ പ്രവർത്തനങ്ങളിലും യുവജനങ്ങളുടെ വർദ്ധിച്ച പങ്കാളിത്തം ഉറപ്പാക്കുക.

**8.9. പൊതുവായുള്ളവ**

8.9.1 പരിസ്ഥിതി സംരക്ഷണം ജൈവവൈവിധ്യ സംരക്ഷണം എന്നീ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ മുഖ്യപങ്കാളികളാക്കുക.

8.9.2 പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ വിശിഷ്യാ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് യുവജനശക്തി പ്രയോജനപ്പെടുത്തുക.

8.9.3 പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാരായ യുവജനങ്ങൾക്ക് വികസനത്തിന്റെ അവസരങ്ങൾ ഒരുക്കികൊടുക്കുക.

8.9.4 സമൂഹത്തിലും, തൊഴിലിടങ്ങളിലും ഗൃഹങ്ങളിലും യുവതികൾക്ക് സുരക്ഷയും, സംരക്ഷണവും ഉറപ്പാക്കുക.

8.9.5 ഭിന്നശേഷിയുള്ള യുവജനങ്ങൾക്ക് എല്ലാ പരിരക്ഷയും സഹായങ്ങളും ഉറപ്പ് വരുത്തുക.

8.9.6 റോഡ് സുരക്ഷയിൽ യുവജനങ്ങളെ പ്രാപ്തരാക്കുക.

8.9.7 യുവജനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക.

8.9.8 സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണം യുവജനസൗഹൃദപരമാക്കുക.

9. *പ്രയോഗ തന്ത്രം*

9.1. *വിദ്യാഭ്യാസം*

9.1.1. ഉന്നത വിദ്യാഭ്യാസ രംഗം വിപുലീകരിക്കുകയും ഗുണമേന്മയും കാര്യക്ഷമതയും വർദ്ധിപ്പിക്കുകയും ചെയ്യും.

9.1.2. ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി ഉറപ്പാക്കുന്ന കർമ്മപരിപാടി ആവിഷ്ക്കരിക്കും.

9.1.3. സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ പഠനം ഉപേക്ഷിക്കേണ്ടിവന്ന യുവജനങ്ങൾക്ക് തുടർ പഠനത്തിലൂടെ തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് ഹയർ സെക്കണ്ടറി തരത്തിലേയ്ക്ക് വ്യാപിപ്പിക്കും.

9.1.4. തുടർ പഠനത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കും.

9.1.5. ഭാരതീയ സംസ്കാരത്തിന്റെ മൂല്യങ്ങൾ പുതുതലമുറയ്ക്ക് പകർന്ന് നൽകുവാൻ അവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും.

9.1.6. വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ സംരംഭ സ്ഥാപനങ്ങളുമായി ഏകോപനം സാധ്യമാക്കിക്കൊണ്ട് നൈപുണ്യ വികസനം കാര്യക്ഷമമാക്കും.

9.1.7. പഠനത്തിന്റെ ഭാഗമായി സ്വയം സംരംഭകത്വ പരിശീലനങ്ങൾ ഉൾപ്പെടുത്തും.

9.1.8. സ്വയം സംരംഭക കൂട്ടായ്മകൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കും.

9.1.9. സംസ്ഥാനത്ത് ഐ.ഐ.ടി. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.

9.1.10. ഐ.സി.ടി. യുടെ ഗുണഫലങ്ങൾ വിദ്യാഭ്യാസ വ്യാപനത്തിനായി കൂടുതൽ പ്രയോജനപ്പെടുത്തും.

9.1.11. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും പഠനാന്തരീക്ഷവും മെച്ചപ്പെടുത്തും.

9.1.12. ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ സംബന്ധിച്ച് സമഗ്രമായ ഡയറക്ടറി തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ഓൺലൈൻ ഹെൽപ് ഡസ്ക് ആരംഭിക്കുകയും ചെയ്യും.

9.1.13. എൻ.എസ്.എസ്, എൻ.സി.സി എന്നിവയിലുള്ള അംഗത്വം പ്രോത്സാഹിപ്പിക്കും

9.2. *തൊഴിൽ*

9.21. സംസ്ഥാനത്ത് ഒരു നൈപുണ്യ വികസന മിഷൻ സ്ഥാപിക്കും. ബ്ലോക്കുതലത്തിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും.

9.2.2. വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കും.

9.2.3. യുവജനങ്ങൾക്കിടയിൽ സംരംഭകത്വം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംരംഭകത്വ വികസന മിഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതവും ഫലപ്രദവുമാക്കും.

9.2.4. എല്ലാ യുവജനങ്ങൾക്കും കമ്പ്യൂട്ടർ സാക്ഷരത ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള സമഗ്ര പദ്ധതി തദ്ദേശ സർക്കാരുമായി ചേർന്ന് നടപ്പാക്കും.

9.2.5. പരമ്പരാഗത വ്യവസായ രംഗത്തും ആധുനിക ഇലക്ട്രോണിക് വ്യവസായ രംഗത്തും യുവജനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിച്ച് നിർമ്മാണ-വിപണന സംരംഭങ്ങൾക്ക് സാമ്പത്തിക സഹായവും സാങ്കേതിക പരിശീലനവും ഉറപ്പു വരുത്തും.

9.2.6. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആധുനികവൽക്കരിച്ച് യുവജനങ്ങൾക്ക് കൂടുതൽ സേവനം നൽകുന്ന കേന്ദ്രങ്ങളാക്കും. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങളിലും ഇതുവഴി നിയമനം നൽകും. യുവജനങ്ങളുടെ കഴിവും വൈദഗ്ധ്യവും വിദ്യാഭ്യാസ യോഗ്യതയും തിരിച്ചുള്ള ഡാറ്റാ ബേസ് കേന്ദ്രങ്ങളായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മാറ്റും.

9.2.7. തുടർ പരിശീലനത്തിന് കൂടുതൽ കേന്ദ്രങ്ങൾ തുടങ്ങും.

9.2.8. തൊഴിലെടുക്കുന്ന മുഴുവൻ യുവജനങ്ങൾക്കും തൊഴിൽ സുരക്ഷിതത്വവും തൊഴിൽ നിയമങ്ങളുടെ സംരക്ഷണവും ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിനായി ബ്ലോക്ക്/മുനിസിപ്പൽ തലത്തിൽ യുവ ലേബർ ക്ലിനിക്കുകൾ ആരംഭിക്കും.

9.2.9. സഹകരണ മേഖലയിൽ യുവജന സഹകരണ സംഘങ്ങൾ തുടങ്ങും.

9.2.10. പഞ്ചായത്ത് തലത്തിൽ തൊഴിൽ രഹിത യുവജനങ്ങളുടെ ഡാറ്റാ ബാങ്ക് ഉൾപ്പെടെയുള്ള ലേബർ ബാങ്ക് ആരംഭിക്കും.

9.2.11. യുവജന സംരംഭങ്ങൾക്ക് വായ്പകളിൻമേൽ ആകർഷകമായ പലിശ ഇളവ് നൽകി വ്യവസായ വാണിജ്യ കാർഷിക സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി യൂത്ത് ബാങ്കുകൾ എല്ലാ ജില്ലയിലും ആരംഭിക്കും. നടപടി ക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടുള്ള ഏകജാലക സംവിധാനമാണ് യൂത്ത് ബാങ്ക് കൊണ്ട് ഉദ്ദേശിക്കുന്നത്.

9.2.12. ഇക്കോ ടൂറിസം, ഉത്തരവാദിത്വ ടൂറിസം, സാംസ്കാരിക ടൂറിസം തുടങ്ങിയ രംഗങ്ങളിൽ യുവജന കൂട്ടായ്മകൾക്ക് പരിശീലനം നൽകി തൊഴിലവസരം പ്രദാനം ചെയ്യും.

9.2.13. കേരളത്തിന് പുറത്തുള്ള മലയാളി യുവജനങ്ങളുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കും, ഇവരുടെ സഹകരണത്തോടെയുള്ള സൂക്ഷ്മവും ചെറുതും ഇടത്തരവുമായുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും.

9.2.14. കാർഷിക-മൃഗസംരക്ഷണ-ചെറുകിട വ്യവസായ മേഖലകളിൽ ഗുണമേൻമയുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കും.

9.2.15. പരമ്പരാഗത തൊഴിൽ മേഖലയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ശക്തിപ്പെടുത്തും.

9.2.16. സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ സംരംഭങ്ങളുടെ സാധ്യതകൾ സംബന്ധിച്ച് യുവജനങ്ങളിൽ അവബോധം വളർത്തും.

9.2.17. സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മൂലധനം എന്നിവ ലഭ്യമാക്കുന്നതിനുള്ള സഹായ സംവിധാനങ്ങൾ ആവിഷ്ക്കരിക്കും.

9.2.18. സ്കൂൾ പഠനം പൂർത്തിയാക്കാൻ കഴിയാത്ത യുവജനങ്ങൾക്കായി തൊഴിൽ പരിശീലന പരിപാടികൾ നടപ്പാക്കും.

9.2.19. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിൽ പാരസ്പര്യം വളർത്തുന്ന പരിപാടികൾ നടപ്പാക്കും.

9.2.20. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൃദുല വൈദഗ്ധ്യ ക്ലാസ്സുകൾ സംഘടിപ്പിക്കും.

9.2.21. ഐ.ടി.ഐ., പോളിടെക്നിക് കോളേജ് എന്നിവ കേന്ദ്രീകരിച്ച് അവധി ദിവസങ്ങളിൽ യുവജനങ്ങൾക്കായി ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകൾ സംഘടിപ്പിക്കും.

9.2.22. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ വൈദ്ഗദ്ധ്യ വികസനത്തിനും തൊഴിൽ സമ്പാദനത്തിനും ആവശ്യമായ പരിപാടികൾ നടപ്പാക്കും.

9.2.23. സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ തൊഴിൽ വൈദഗ്ദ്ധ്യവും കാര്യശേഷിയും വർദ്ധിപ്പിക്കുന്നതിന് പരിപാടികൾ ആവിഷ്ക്കരിക്കും.

9.2.24. സർക്കാർ, അർദ്ധ സർക്കാർ, പൊതു മേഖലാസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ കാര്യശേഷി വികസനത്തിന് പരിപാടികൾ ആവിഷ്ക്കരിക്കും.

9.2.25. പ്രവാസി യുവജനങ്ങളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും കാര്യശേഷി വികസനത്തിനും വേണ്ടിയുള്ള നടപടികൾ ശക്തിപ്പെടുത്തും.

9.2.26. പ്രവാസി യുവജനങ്ങളുടെ അറിവും കഴിവും സമ്പാദ്യവും സംസ്ഥാനത്തിന്റെ വികസനത്തിനു കൂടി പ്രയോജനപ്പെടുത്തുന്നതിനുള്ള നൂതന പരിപാടികൾ ആവിഷ്ക്കരിക്കും.

9.2.27. യുവജന കൂട്ടായ്മകളിലൂടെ വിപണന സാധ്യതകൾ വർദ്ധിപ്പിക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കും.

9.2.28. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കും.

9.3. ***കൃഷി***

9.3.1. പരിസ്ഥിതി സൗഹൃദപരമായ കാർഷിക സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുകയും ആവശ്യമായ പരിശീലനം നൽകുകയും ചെയ്യും.

9.3.2. കാർഷികോൽപാദനങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിനുള്ള അറിവും പരിശീലനവും സാങ്കേതിക വിദ്യയും ലഭ്യമാക്കും, വിപണന സൗകര്യങ്ങൾ ഒരുക്കും.

9.3.3. പരിസ്ഥിതി സംരക്ഷണം ജൈവ വൈവിധ്യ സംരക്ഷണം എന്നിവയുടെ പ്രസക്തിയും പ്രാധാന്യവും അവ സംബന്ധിച്ച നിയമങ്ങളും പ്രചരിപ്പിക്കും.

9.3.4. യുവജന കൂട്ടായ്മയിലൂടെ സഹകരണ കൃഷി, കൂട്ടു കൃഷി, ഫാം കൺസൾട്ടൻസി സർവീസ് എന്നിവ പ്രോത്സാഹിപ്പിക്കും.

9.3.5. ഗ്രാമ പഞ്ചായത്തുതലത്തിൽ യുവ കാർഷിക ക്ലബ്ബുകൾ സ്ഥാപിക്കുകയും ആധുനിക കൃഷി രീതി പ്രചരിപ്പിക്കുകയും ചെയ്യും. മികച്ച യുവ കാർഷിക ക്ലബ്ബുകളെ കണ്ടെത്തി പ്രോത്സാഹിക്കും.

9.3.6. കൃഷിയുടെ അനന്ത സാധ്യതകളെപ്പറ്റി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനക്ലാസ്സുകൾ സംഘടിപ്പിക്കും.

9.3.7. വിവരസാങ്കേതികവിദ്യയുടെയും ബയോടെക്നോളജിയുടെയും നേട്ടങ്ങൾ കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്തും.

9.3.8. സംരംഭകത്വ സ്വഭവമുള്ള കാർഷിക സാങ്കേതിക വിദ്യകളിലേക്ക് യുവജനങ്ങളെ ആകർഷിക്കുകയും ശാക്തീകരിക്കുകയും ചെയ്യും.

9.4.0. *മൃഗസംരക്ഷണം*

9.4.1. മത്സ്യ കൃഷി, അലങ്കാര മത്സ്യകൃഷി, മുയൽ വളർത്തൽ, പക്ഷി വളർത്തൽ, തേനീച്ച വളർത്തൽ, ആടു വളർത്തൽ, ക്ഷീര കൃഷി, കെന്നൽ തുടങ്ങിയവ സംബന്ധിച്ച അവബോധം സൃഷ്ടിക്കുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യും.

9.4.2. മൃഗങ്ങളോടും മറ്റ് ജീവികളോടും ക്രൂരത കാട്ടുന്നതിനെതിരായ അവബോധം സൃഷ്ടിക്കും.

9.4.3. ഭക്ഷ്യ സംസ്കരണം, മാംസ സംസ്കരണം തുടങ്ങി. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ സംബന്ധിച്ച സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുകയും വിപണന സാധ്യതകൾ വിപുലപ്പെടുത്തുകയും ചെയ്യും.

9.5..0 *ആരോഗ്യം, കായികം*

9.5.1. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പൊതു കളിസ്ഥലങ്ങൾ, നീന്തൽക്കുളങ്ങൾ എന്നിവ സ്ഥാപിച്ച് വ്യായമത്തിനും അതുവഴി ആരോഗ്യ സംരക്ഷണത്തിനും വേദിയൊരുക്കും.

9.5.2. പ്രാദേശിക കായിക ക്ലബ്ബുകളുമായി സഹകരിച്ച് വ്യായമത്തിനുള്ള സ്ഥലസൗകര്യവും ഉപകരണങ്ങളും സബ്സിഡി നിരക്കിൽ യുവജനങ്ങൾക്ക് പ്രാപ്യമാക്കും.

9.5.3. യുവജനങ്ങൾക്കിടയിൽ നടത്തത്തിന്റെയും സൈക്കിൾ യാത്രയുടെയും പ്രചാരം വർദ്ധിപ്പിക്കും.

9.5.4. എല്ലാ ബ്ലോക്ക്/മുനിസിപ്പൽ തലത്തിലും മാനസിക സംഘർഷമുള്ളവർക്കായി കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കും.

9.5.5. വിവാഹ പൂർവ്വ കൗൺസിലിംഗ് കൂടുതൽ സാർവത്രികമാക്കും.

9.5.6. റോഡപകടങ്ങളിൽപ്പെടുന്നവർക്ക് പ്രാഥമിക ചികിൽസ നൽകുന്നതിനുള്ള പരിശീലനം യുവജനങ്ങൾക്ക് നൽകി പഞ്ചായത്ത്തലത്തിൽ പരിശീലനം സിദ്ധിച്ച യുവജനങ്ങളുടെ കൂട്ടായ്മ രൂപീകരിക്കും.

9.5.7. യുവജനങ്ങൾക്കിടയിൽ രക്തദാനം പ്രോത്സാഹിപ്പിച്ച് രക്തദാതാക്കളുടെ ഫോറം രൂപീകരിക്കും. എല്ലാ ബ്ലോക്ക് മുനിസിപ്പൽ തലങ്ങളിലും രക്തദാന സേന രൂപീകരിക്കും.

9.5.8. അവയവദാനം സംബന്ധിച്ച പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും.

9.5.9. ആഹാര ശീലങ്ങളിലെ അശാസ്ത്രീയത, വ്യായാമ കുറവ്, ചിട്ടയില്ലാത്ത ജീവിതരീതി, ദുശ്ശീലങ്ങൾ, അധാർമ്മിക ജീവിത സമീപനം തുടങ്ങി യുവജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ നിന്നും അവരെ മോചിപ്പിക്കുന്നതിന് ആവശ്യമായ പരിപാടികൾ ആവിഷ്ക്കരിക്കും.

9.5.10. മദ്യത്തിന്റെ അമിതമായ ഉപഭോഗം തടയുന്നതിനും മദ്യാസക്തിയിൽ നിന്നും മോചിപ്പിക്കുന്നതിനും മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രചരണ പരിപാടികൾ നടപ്പാക്കും.

9.5.11. പാലിയേറ്റീവ് കെയർ യൂണിറ്റുകളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കും.

9.5.12. *ആരോഗ്യത്തിന് ഹാനികരമായ ഫാസ്റ്റ് ഫുഡ് തുടങ്ങിയ ആഹാര ശീലങ്ങൾ വർജ്ജിക്കുന്നതിന് അവബോധം സൃഷ്ടിക്കും*

9.5.13. *യുവജനങ്ങളിൽ കായിക സംസ്കാരം വളർത്തുന്നതിന് ആവശ്യമായ പരിപാടികൾ ആവിഷ്കരിക്കും*

## 9.6. *കലയും സംസ്കാരവും*

9.6.1. കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക പൈതൃകം നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും അവ പുതു തലമുറക്ക് പരിചയപ്പെടുത്തുന്നതിനുമായി ഒരു സ്ഥാപനം ആരംഭിക്കും.

9.6.2. പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും പ്രാക്തനഗോത്രവർഗ്ഗങ്ങളുടെയും സാംസ്കാരിക പൈതൃകം കണ്ടെത്തി സംരക്ഷിക്കുന്നതിനും അവ പുതു തലമുറയ്ക്ക് കൈമാറുന്നതിനും പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കും.

9.63. കലാകാരൻമാരുടെ സാമൂഹിക അംഗീകാരം വർദ്ധിപ്പിക്കുന്നതിനും, അവരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്ന തരത്തിൽ കലാജീവിതം നയിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും പരിപാടികൾ ആവിഷ്ക്കരിക്കും;

9.6.4. ടെലിവിഷൻ ചാനലുകൾ, പത്രമാധ്യമം, ചലച്ചിത്ര മാധ്യമം തുടങ്ങിയ മാധ്യമ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ കാര്യശേഷി വികസനത്തിനും അവരിൽ സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിനും പരിപാടികൾ ആവിഷ്ക്കരിക്കും. ഈ രംഗത്തേയ്ക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് കാര്യശേഷി വികസന പരിപാടികൾ നടപ്പാക്കും.

9.6.5. സാഹിത്യ രംഗത്ത് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്കും പ്രവർത്തിക്കുന്നവർക്കും പ്രോത്സാഹനം നൽകും.

9.6.6. കേരളോത്സവത്തിൽ വർദ്ധിച്ച പങ്കാളിത്തം ഉറപ്പു വരുത്തുകയും അത് കേരള യുവതയുടെ ഏറ്റവും വലിയ സംഗമ വേദിയാക്കി മാറ്റുകയും ചെയ്യും.

9.6.7. വിവിധ സംസ്കാരങ്ങളെക്കുറിച്ച് അവബോധം വളർത്തുക വഴി ഇതര സംസ്കാരങ്ങ ളെ ക്കുറിച്ച് അറിവും ബഹുമാനവും വളർത്തുന്നതിന് പരിപാടികൾ ആവിഷ്കരിക്കും.

9.6.8. തൊഴിൽ എന്ന നിലയിൽ കേരളീയ കലാരൂപങ്ങൾ വിനോദസഞ്ചാര മേഖലയിൽ ഉപ യോഗപ്പെടുത്തും.

9.7. *സാമൂഹിക ധർമ്മം*

9.7.1. വർദ്ധിച്ചുവരുന്ന മദ്യ ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടി കേരളത്തിൽ വിൽക്കുന്ന എല്ലാത്തരം പുകയില ഉൽപ്പന്നങ്ങളിലും മദ്യത്തിനും മേൽ 5% യൂത്ത് സെസ്സ് ഏർപ്പെ ടുത്തുകയും അത്തരത്തിൽ പിരിക്കുന്ന യൂത്ത് സെസ്സ് യുവജനങ്ങളുടെ ക്ഷേമ വിക സന പ്രവർത്തനത്തിനായി മാറ്റിവയ്ക്കുകയും ചെയ്യും.

9.7.2. അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും, മതമൗലിക വാദങ്ങൾക്കുമെതിരെ ശാസ്ത്രബോധമുള്ള യുവതലമുറയെ വാർത്തെടുക്കാൻ പ്രത്യേക പരിപാടി ആവി ഷ്ക്കരിക്കും.

9.7.3. യുവജനങ്ങൾക്കിടയിൽ സ്ത്രീധനവിരുദ്ധ നിലപാട് വളർത്തിയെടുക്കുന്നതിനും മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും.

9.7.4. ഭാരതീയ സംസ്കാരവും പൈതൃകവും കാത്തുസൂക്ഷിക്കുവാനും സാംസ്കാരിക അധിനിവേശം ചെറുക്കാനും യുവജനങ്ങളെ സജ്ജരാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കും.

9.7.5. നിയമ സാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കും.

9.7.6. ക്രമസമാധാന പാലനം ശാന്തപൂർണ്ണമായ സാമൂഹിക ജീവിതം, പൊതു മുതൽ സംര ക്ഷണം, റോഡ് സുരക്ഷ തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങളുടെ ബോധവും പ്രതി ബദ്ധതയും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ ആവിഷ്ക്കരിക്കും.

9.7.7. പൗരബോധം, പരിസ്ഥിതി ബോധം, ജനാധിപത്യബോധം, ശാസ്ത്രബോധം, സാമൂ ഹിക ബോധം തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തത്തോടെ പരിപാ ടികൾ നടപ്പാക്കും.

9.7.8. ലൈംഗിക അതിക്രമങ്ങൾ, ലൈംഗിക ചൂഷണം എന്നിവ തടയുന്നതിനും ലിംഗ നീതി സംബന്ധിച്ച ശരിയായ കാഴ്ച്ചപ്പാട് രൂപീകരിക്കുന്നതിനും യുവജനങ്ങളെ സഹായി ക്കും.

9.7.9. ജനാധിപത്യം, മതേതരത്വം, സാഹോദര്യം, സഹിഷ്ണുത, തുടങ്ങിയ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സത്യത്തിലും അഹിംസയിലും സ്ഥിതി സമത്വത്തിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ സുശക്തമായ ഭാരതം കെട്ടിപ്പടുക്കുവാൻ യുവ ജനങ്ങളെ പ്രാപ്തരാക്കും.

9.7.10. അഴിമതി രഹിതവും സുതാര്യവുമായ ഭരണസംവിധാനവും പരിസ്ഥിതി സൗഹൃദപ രവും സുസ്ഥിരവുമായ വികസന പ്രവർത്തനവും പൗരന്റെ അവകാശമാണെന്ന

ബോധം യുവാക്കളിൽ വളർത്തുന്നതിനും നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ അവയ്ക്കു വേണ്ടി പ്രവർത്തിക്കുന്നതിനും പരിപാടികൾ ആവിഷ്ക്കരിക്കും.

9.7.11. മൗലിക അവകാശങ്ങൾ, പൗരധർമ്മം, ഗതാഗത നിയമം, വിവരാവകാശ നിയമം, ഭക്ഷ്യ സുരക്ഷാ നിയമം, വിവരസാങ്കേതിക വിദ്യാ നിയമം, തൊഴിലുറപ്പ് നിയമം, സേവനാവ കാശ നിയമം, സ്ത്രീ സംരക്ഷണ നിയമങ്ങൾ തുടങ്ങി അവശ്യം അറിഞ്ഞിരിക്കേണ്ട നിയമങ്ങളെപ്പറ്റി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.

9.7.12. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും ഉന്നതവിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉൾപ്പടെയുള്ള പ്രോത്സാഹനം നൽകുന്ന തിന് സഞ്ചിത നിധി രൂപീകരിക്കും. യൂത്ത് സെസ് ഇനത്തിൽ ലഭിക്കുന്ന തുകക്ക് പുറമെ സംഭാവനകളും ഇതിനായി സ്വീകരിക്കും.

9.7.13. സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കും.

9.7.14. സാമൂഹ്യ തിന്മകൾക്കെതിരെ യുവജനശക്തി ഉണർത്താൻ കഴിയുന്ന പരിപാടികൾ ആവിഷ്ക്കരിക്കും.

## 9.8.0 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

9.8.1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 30% യുവജനപങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കും.

9.8.2 ഗ്രാമസഭകളിൽ ജനസംഖ്യാനുപാതികമായ യുവജന പങ്കാളിത്തം ഉറപ്പ് വരുത്തും. യുവജനപദ്ധതികൾ ചർച്ച ചെയ്യാൻ വർഷത്തിലൊരിക്കൽ യുവജനഗ്രാമസഭകൾ ചേരുന്നതിന് നിർദ്ദേശം നൽകും.

9.8.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന എല്ലാ ജനകീയ സമിതികളിലും 30% യുവജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കും.

9.8.4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നിയമ സഹായ ക്ലിനിക്കുകൾ തുടങ്ങും.

9.8.5 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിശ്ചിത ശതമാനം തുക യുവജനഘടകപദ്ധതിയ്ക്കായി വകയിരുത്താൻ നിർദ്ദേശം നൽകും.

9.8.6 ബ്ലോക്ക് പഞ്ചായത്ത്തലത്തിലും, നഗരസഭാതലത്തിലും യുവജനകേന്ദ്രങ്ങൾ സ്ഥാപി ക്കുകയും, യുവജനപരിപാടികളുടെ ഏകോപനകേന്ദ്രമായി അതിനെ മാറ്റുകയും ചെയ്യും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും, എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടുകളും ഇതിനായി ഉപയോഗപ്പെടുത്തും.

9.8.7 എല്ലാ യുവജനങ്ങൾക്കും, കമ്പ്യൂട്ടർ സാക്ഷരത ഉറപ്പ് വരുത്തുന്നതിനുള്ള സമഗ്രപ ദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കും.

9.8.8. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ യുവജന നയത്തിന് അനുപൂരകമായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരുടെ യുവജനയം പ്രഖ്യാപിക്കുന്നതിന് നിർദ്ദേശം നൽകും.

**9.9. പൊതുവായുള്ളവ**

9.9.1 സംസ്ഥാന ബഡ്ജറ്റ് കൂടുതൽ യുവജനസൗഹൃദപരമാക്കും.

9.92 യുവജനങ്ങളുടെ ക്ഷേമ - വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾ മുഖേന പദ്ധതികൾ ആവിഷ്ക്കരിക്കുകയും അവയ്ക്ക് ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്യും.

9.9.3 സംസ്ഥാനതലത്തിൽ യുവജന പഠന ഗവേഷണ കേന്ദ്രം ആരംഭിക്കും.

9.9.4 കലാലയങ്ങളിലെയും തൊഴിലിടങ്ങളിലെയും ഗൃഹങ്ങളിലെയും ശാരീരികവും മാനസികവും ലൈംഗികവുമായ ചൂഷണത്തിനെതിരെ പൊരുതാൻ യുവജനങ്ങൾക്ക് നിയമ സഹായ പരിപാടികൾ നടപ്പാക്കും.

9.9.5 കേരളത്തിലെ യുവജനങ്ങളുടെ സ്ഥിതി അവലോകന റിപ്പോർട്ട് തയ്യാറാക്കും. അത് യുവജനക്ഷേമ വികസന പദ്ധതികളുടെ ആസൂത്രണത്തിനുള്ള അടിസ്ഥാന രേഖയാക്കും.

9.9.6 സാമൂഹിക പിന്നാക്ക അവസ്ഥയിലുള്ള യുവജനങ്ങളെ മുഖ്യധാരയിൽ എത്തിക്കുന്നതിനു വേണ്ടി യുവജനങ്ങളുടെ കൂട്ടായ്മകളെ പരമാവധി ഉപയോഗപ്പെടുത്തും.

9.9.7 പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് ഇപ്പോൾ നൽകുന്ന പരിശീലന പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കും.

9.9.8 ഭിന്നശേഷിയുള്ള യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിന് വേണ്ടി തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം ഏർപ്പെടുത്തും.

9.9.9 യുവതികൾക്ക് സ്വയം പ്രതിരോധത്തിനുള്ള മാനസികവും, കായികവുമായ പരിശീലന പരിപാടികൾ നടപ്പാക്കും.

9.9.10 യുവതികളെ അവകാശ ബോധമുള്ളവരാക്കി മാറ്റുകയും, അനീതികൾക്കെതിരെ ശബ്ദമുയർത്താൻ പ്രാപ്തരാക്കുകയും ചെയ്യും.

9.9.11 പ്രകൃതി ദുരന്തങ്ങളിൽ സന്നദ്ധ സഹായ ദുരന്തനിവാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ജില്ലാതലത്തിൽ യുവജന കർമ്മസേന രൂപീകരിക്കും.

9.9.12. പരിസ്ഥിതി ക്ലബ്ബുകളുടെ രൂപീകരണവും പ്രവർത്തനവും പ്രോത്സാഹിപ്പിക്കും.

10. *നിർവഹണവും തുടർ പ്രവർത്തനവും*

10.1. കേരള സർക്കാരിന്റെ എല്ലാ പദ്ധതികളിലും പ്രവർത്തനങ്ങളിലും കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സംസ്ഥാന സർക്കാരിന്റെ അനുബന്ധ പൊതുമേഖല സ്ഥാപനങ്ങളുടെയും പരിപാടികളിലും ഈ നയത്തിന് അനുപൂരകമായ പദ്ധതികളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്. ഇതിനാവശ്യമായ പിന്തുണാ സംവിധാനം യുവജനക്ഷേമ വകുപ്പ് നൽകേണ്ടതാണ്.

10.2. യുവജനനയം നടപ്പാക്കുന്നതിനായി സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി ചെയർമാനും യുവജനകാര്യ വകുപ്പ് മന്ത്രി വൈസ് ചെയർമാനും, ചീഫ് സെക്രട്ടറി കൺവീനറും, യുവജനകാര്യ വകുപ്പ് സെക്രട്ടറി ജോയിന്റ് കൺവീനറും, എല്ലാ മന്ത്രിമാരും അംഗങ്ങളുമായ ഒരു ആസൂത്രണ-വിലയിരുത്തൽ സമിതി ഉണ്ടായിരിക്കേണ്ടതാണ്.

10.3. സംസ്ഥാന സർക്കാരിന്റെ മറ്റ് നയ പരിപാടികളുമായോ പദ്ധതികളുമായോ യുവജന നയത്തിന് ഏന്തെങ്കിലും നയ വ്യത്യാസമോ പൊരുത്തകേടോ ഉണ്ടെങ്കിൽ അത്തരം കാര്യങ്ങളിൽ സംസ്ഥാനതല ആസൂത്രണ - വിലയിരുത്തൽ സമിതി കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കും.

10.4. യുവജനനയത്തിന്റെ സംസ്ഥാനതല മോണിറ്ററിംഗ് സമിതിയായി യുവജനക്ഷേമ ബോർഡ് പ്രവർത്തിക്കുന്നതാണ്.

10.5. ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും, ജില്ലയുടെ ചുമതലയുള്ള യുവജനക്ഷേമ ബോർഡ് മെമ്പർ ഉപാദ്ധ്യക്ഷനായും, ജില്ലാ കളക്ടർ കൺവീനറായും, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ ജോയിന്റ് കൺവീനറായും, ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ വിവിധ യുവജന സംഘടനാ പ്രതിനിധികൾ, എൻ.സി.സി, എൻ.എസ്.എസ്, എൻ.വൈ.കെ. പ്രതിനിധികൾ എന്നിവർ അംഗങ്ങളായും മോണിറ്ററിംഗ്-വിലയിരുത്തൽ സമിതികൾ രൂപീകരിക്കേണ്ടതാണ്.

10.6. ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽചെയർമാൻ/മേയർ അദ്ധ്യക്ഷനായും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/മുനിസിപ്പൽ സെക്രട്ടറി/കോർപ്പറേഷൻ സെക്രട്ടറി കൺവീനറായും ബ്ലോക്ക് കോ-ഓർഡിനേറ്റർ ജോയിന്റ് കൺവീനറായും വിവിധ യുവജന-രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ അംഗങ്ങളായും മോണിറ്ററിംഗ് - വിലയിരുത്തൽ സമിതികൾ രൂപീകരിക്കേണ്ടതാണ്.

10.7. സംസ്ഥാനതല ആസൂത്രണ-വിലയിരുത്തൽ സമിതി വർഷത്തിൽ കുറഞ്ഞത് രണ്ട് തവണയും സംസ്ഥാനതല മോണിറ്ററിംഗ് സമിതി, ജില്ലാ/ബ്ലോക്ക്/മുനിസിപ്പൽതല മോണിറ്ററിംഗ് വിലയിരുത്തൽ സമിതികൾ കുറഞ്ഞത് മൂന്നു മാസത്തിൽ ഒരിക്കലും യോഗം ചേരേണ്ടതാണ്.

11. ***പുനരവലോകനം***

ഓരോ 5 വർഷം കൂടുമ്പോഴോ, സർക്കാർ നിശ്ചയിക്കുന്ന മുറക്കോ ഈ യുവജന നയം പുനരവലോകനത്തിന് വിധേയമാക്കേണ്ടതും ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതുമാണ്.